(ഡി) നടപ്പു സാമ്പത്തിക വർഷം കോർപ്പറേഷന്റെ ശരാശരി പ്രതിമാസ വരുമാനം 106 കോടി രൂപയാണ്. ശരാശരി പ്രതിമാസ ചെലവുകൾ താഴെ കൊടുക്കുന്നു :

ശമ്പളം	- 33 കോടി
പെൻഷൻ	- 22 കോടി
പെൻഷനാനുകൂല്യങ്ങൾ	- 10.50 കോടി
ഡീസൽ	- 47 കോടി
ലോൺ തിരിച്ചടവ്	- 20 കോടി
മറ്റ് ചിലവുകൾ	- 8.50 കോടി
ആകെ	141 കോടി

ശരാശരി പ്രതിമാസ കമ്മി 35 കോടി രൂപയാണ്.

(ഇ) വരുമാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ ബി.ഒ.റ്റി. അടിസ്ഥാനത്തിലും, നേരിട്ടും ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്. ആയവ നടപ്പിലാക്കിവരുന്നു. പ്രധാനപ്പെട്ട നഗരങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ടുള്ള ഠൗൺ ടു ഠൗൺ സർവ്വീസുകളും, ചെയിൻ സർവ്വീസുകളും, ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് വ്യാപകമാക്കുന്നതിന് കെ.എസ്.ആർ.ടി.സി. പ്രതിജ്ഞാബദ്ധമാണ്. അതുപോലെ എറണാകുളം നഗരത്തിൽ ആരംഭിച്ച സിറ്റി സർവ്വീസ് ഒരു വിജയമായിതീർന്നിരിക്കുകയാണ്. ഭാവിയിൽ ഇത്തരം സർവ്വീസുകൾ മറ്റു നഗരങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഓൺലൈൻ റിസർവേഷൻ സൗകര്യം കൂടുതൽ ബസ്സുകളിലേക്ക് വ്യാപിപ്പിക്കുന്നത് വഴി കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിന് ഉദ്ദേശിക്കുന്നു. സീസൺ ടിക്കറ്റ് സമ്പ്രദായം വിപുലീകരിക്കുന്നതുവഴി കൂടുതൽ സ്ഥിരം യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കാൻ കഴിയുമെന്നും വിശ്വസിക്കുന്നു. ബി.ഒ.റ്റി. അടിസ്ഥാനത്തിലുള്ള ഡിപ്പോകളിലെ കെട്ടിട നിർമ്മാണം (ഷോപ്പിംഗ് കോംപ്ലക്സ്) വഴി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു.

കെ.എസ്.ആർ.ടി.സി. നൽകാനുള്ള വായ്പാ കുടിശ്ശിക

156 (753) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ധനകാര്യ സ്ഥാപനങ്ങൾക്ക് കെ.എസ്.ആർ.ടി.സി നൽകാനുള്ള വായ്പാകുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കെ. എസ്. ആർ. ടി. സി. പുതുതായി വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ എത്ര തുകയാണ് വായ്പയെടുക്കാൽ ഉദ്ദേശിക്കുന്നത് ; കെ. എസ്. ആർ. ടി. സി. യുടെ പ്രതിമാസ നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. നാളിതുവരെ എടുത്തിട്ടുള്ള ഒരു വായ്പയുടെയും തിരിച്ചടവ് മുടക്കിയിട്ടില്ല. ആയതിനാൽ കുടിശ്ശികയും ഇല്ല. കൂടാതെ വായ്പ തിരിച്ചടവ് ESCROW വഴിയാണ് നടത്തുന്നത്.

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ ആയിരം ബസ്സുകൾ പുറത്തിറക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ കെ.റ്റി.ഡി.എഫ്.സി-യിൽ നിന്ന് 65 കോടി രൂപ വായ്പയെടുത്തിട്ടുണ്ട്. പദ്ധതിയുടെ അവസാന ഘട്ടത്തിലേക്കായി 55 കോടി രൂപ ഹഡ്കോയിൽനിന്ന് വായ്പയെടുക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ പ്രവർത്തനമൂലധനമായി പ്രതിമാസം 20 കോടി രൂപയും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ ആയിരം പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന പദ്ധതിയുടെ അവസാന ഘട്ടത്തിലേക്കായി ഏകദേശം 55 കോടി രൂപ ഹഡ്കോയിൽനിന്നും വായ്പയെടുക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ പ്രവർത്തന മൂലധന ആവശ്യത്തിനായി പ്രതിമാസം 20 കോടി രൂപ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും വായ്പയായി എടുത്തു വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ നഷ്ടം 23.81 കോടി രൂപയാണ്.

കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

157 (754) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി.-യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം ക്രിയാത്മക നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ. എസ്. ആർ. ടി. സി. യുടെ സഞ്ചിത നഷ്ടത്തിൽ എത്ര വർദ്ധനവുണ്ടായെന്ന് വ്യക്തമാക്കുമോ ?

(ബി) മിഡിൽ മാനേജ്മെന്റ് തലംമുതൽ മാനേജ്മെന്റ് വൈദഗ്ദ്ധ്യമുള്ളവരെ നിയമിച്ച കോർപ്പറേഷനെ ആധുനിക മാനേജ്മെന്റ് തന്ത്രങ്ങളിലൂടെ ഒരു മികച്ച സ്ഥാപനമാക്കിയെടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വികസനത്തിലൂടെ നഷ്ടത്തിന്റെ അളവ് കുറച്ച് കൊണ്ടുവരുന്ന നടപടിയുടെ ഭാഗമായി കൂടുതൽ റൂട്ടുകളിലേക്ക് കോർപ്പറേഷന്റെ സേവനം വർദ്ധിപ്പിച്ചു. നിലവിലുള്ള നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ പുന : ക്രമീകരിച്ചു, ചെലവു ചുരുക്കാവുന്ന മേഖലയിൽ ചെലവ് ചുരുക്കിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികളുടെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly